## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2983** **22.02.2016 ൽ മറുപടിയ്ക്ക്**

# കുരുമുളക് വിലയും ഇറക്കുമതിയും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.എൻ. എ. ഖാദർ : | ശ്രീ. കെ.പി. മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തേക്ക് എതെല്ലാം രാജ്യങ്ങളിൽ നിന്ന് കുരുമുളക് ഇറക്കുമതി ചെയ്യുന്നുണ്ട്; | (എ) ശ്രീലങ്ക, മലേഷ്യ, ഇന്റോനേഷ്യ, വിയറ്റ്നാം തുടങ്ങിയ രാജ്യങ്ങളിൽ നിന്നും കുരുമുളക് ഇറക്കുമതി ചെയ്യുന്നുണ്ട്. |
| (ബി) വിദേശ രാജ്യങ്ങളിൽ നിന്നുള്ള ഇറക്കുമതി മൂലം കുരുമുളകിന്റെ വില കുറയുന്നതായും, കേരളത്തിലെ കർഷകർക്ക് അർഹമായ വില ലഭിക്കുന്നില്ലെന്നുമുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) വിദേശ രാജ്യങ്ങളിൽ നിന്നുള്ള ഇറക്കുമതി മൂലം കുരുമുളകിന്റെ വിലയിൽ കുറവുണ്ടാകുന്നുണ്ട്. |
| (സി) കേരളത്തിലെ കുരുമുളക് കർഷകരുടെ ആശങ്കകൾ പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) കുരുമുളക് കർഷകർക്ക് പ്രോത്സാഹനമെന്ന നിലയിൽ താഴെച്ചേർക്കുന്ന പദ്ധതികൾ സ്പൈസസ് ബോർഡ് നടപ്പിലാക്കുന്നുണ്ട്.<br>1. കുരുമുളകിനുള്ള മെതിയന്ത്രത്തിന് 50 ശതമാന സബ്സിഡി (പരമാവധി 15000 രൂപ) നൽകുന്നു.<br>2. കുരുമുളക് ഉണക്കുന്നതിനുള്ള 12'X6' അളവിലുള്ള 200 രൂപ വിലമതിക്കുന്ന മുളപായ്കൾക്ക്, ട്രൈബൽ വിഭാഗത്തിൽപ്പെട്ടവർക്ക് 90 ശതമാനവും മറ്റുള്ളവർക്ക് 50 ശതമാനവും സബ്സിഡി അനുവദിക്കുന്നു.<br>3. കുരുമുളക് വിളവെടുക്കുന്നതിന് അലുമിനിയം ഏണി വാങ്ങുന്നതിന് 50 ശതമാനം സബ്സിഡി നിരക്കിൽ (പരമാവധി 5000 രൂപ) അനുവദിക്കുന്നു. |

4. കുരുമുളകിന് ക്ലീനിംഗിനും ഗ്രേഡിംഗിനുമുള്ള യന്ത്രങ്ങൾ വാങ്ങുന്നതിന് 50 ശതമാനം നിരക്കിൽ (പരമാവധി 35000 രൂപ) സബ്സിഡി അനുവദിക്കുന്നു.

സെക്ഷൻ ഓഫീസർ